# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട — 20-03-2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : T 402

## ഡ്രൈഡോക്കുകളുടെ നിർമാണം

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ.ജയരാജ് :<br>ശ്രീ. പി.ജെ.ജോസഫ് :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. മോൻസ് ജോസഫ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കുമരകത്തും ആലപ്പുഴയിലും ഡ്രൈഡോക്കുകൾ നിർമ്മിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | (എ) കുമരകത്ത് ഡ്രൈഡോക്ക് നിർമ്മാണത്തിനായി റീ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴയിലെ ഡ്രൈഡോക്ക് നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷൻ പൂർത്തിയായി. എന്നാൽ എക്സ്കവേറ്റ് ചെയ്ത മണൽ വിൽപനയിൽ നിന്നുള്ള വരുമാനം പങ്കിടുന്നതുമായി ബന്ധപ്പെട്ട് പി.പി.പി. പാർട്ട്ണറുമായി തർക്കമുണ്ടാവുകയും തർക്ക പരിഹാരത്തിനായി ഹൈക്കോടതിയെ സമീപിക്കുകയുമുണ്ടായി. ഇപ്പോൾ ഈ കേസ് തീർപ്പായിട്ടുണ്ട്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ മണൽ ഇ-ടെൻഡർ ചെയ്ത് വിൽക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ട്രാവൻകൂർ സിമന്റ്സ് കമ്പനിയുടെ സമീപത്തായി കോട്ടയാറിന്റെ തീരത്ത് ഡ്രൈഡോക്കുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ;<br><br>(സി) ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തുവാൻ ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുമോ എന്ന് അറിയിക്കാമോ ? | (ബി) യും (സി) യും കുമരകത്ത് ഡ്രൈഡോക്ക് നിർമ്മിക്കുന്നത് സംബന്ധിച്ച് റീ ടെൻഡർ നടപടികളിൽ പങ്കെടുക്കുവാൻ അവസരം നൽകുന്നതാണെന്ന് M/s ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനെ അറിയിച്ചിട്ടുണ്ട്. ഡ്രൈഡോക്ക് നിർമ്മിച്ച് ഓപ്പറേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫീസിബിലിറ്റി സ്റ്റഡി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് M/s Travancore Cements Ltd. മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ